**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3490** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഓട്ടോറിക്ഷ തൊഴിലാളികളുടെ ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓട്ടോറിക്ഷ തൊഴിലാളികളിൽ നിന്നും ക്ഷേമനിധി വിഹിതമായി പ്രതിമാസം എത്ര രൂപയാണ് ബോർഡിലേക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് അക്കൗണ്ട് ഹെഡ് ഉൾപ്പെടെ വ്യക്തമാക്കാമോ; | (എ) | **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ ഓട്ടോറിക്ഷാ തൊഴിലാളികളിൽ നിന്നും പ്രതിമാസം 60/- രൂപ നിരക്കിൽ ക്ഷേമനിധി വിഹിതമായി ബോർഡിലേയ്ക്ക് ലഭിക്കുന്നു. 2025 ജൂലൈ മാസ വരെ ആകെ 5,61,052 ഓട്ടോറിക്ഷ തൊഴിലാളികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ വിവിധകാലയളവുകളിൽ അംഗത്വം എടുത്തിട്ടുള്ളതും സജീവ അംഗമായി തുടരാത്തവരുമായ തൊഴിലാളികൾ കൂടി ഇതിൽ ഉൾപ്പെടുന്നു. 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ ശരാശരി 24,39,157/- രൂപയാണ് (ഇരുപത്തിനാല് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി നൂറ്റി അൻപത്തിയേഴ് രൂ മാത്രം) പ്രതിമാസം ഓട്ടോറിക്ഷ തൊഴിലാളികളിൽ നിന്നും അംശാദായമായി ലഭിച്ചിട്ടുള്ളത്. പ്രസ്തുത തുക തൊഴിലാളി, ക്ഷേമനിധിയിൽ നിന്നും പിരിയുന്ന അവസരത്തിൽ പലിശ സഹിതം റീഫണ്ടായി തൊഴിലാളികളുടെ അക്കൗണ്ടിൽ ഡി.ബി.റ്റി. മുഖേന ലഭ്യമാക്കുന്നു.** |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ക്ഷേമനിധി ബോർഡിൽ നിന്നും പുറത്താക്കിയ ഓട്ടോറിക്ഷ തൊഴിലാളികളുടെ കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | **ആരെയും പുറത്താക്കിയിട്ടില്ല.** |
| (സി) | മൂന്നുമാസം അംശദായം അടയ്ക്കാത്ത തൊഴിലാളികൾ ക്ഷേമനിധിയിൽ നിന്നും പുറത്തായാൽ തിരികെ ക്ഷേമനിധിയിൽ പ്രവേശിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | **മൂന്നുമാസം അംശാദായം അടയ്ക്കാത്ത തൊഴിലാളികളെ ക്ഷേമനിധി ബോർഡിൽ നിന്നും പുറത്താക്കുന്നില്ല.** |

| | | | |
|---|---|---|---|
| (ഡി) | ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകുന്ന അപേക്ഷകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) | **അപാകതകളോ ന്യൂനതകളോ ഇല്ലാത്ത, ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല.** |
| (ഇ) | 2021 മുതൽ നാളിതുവരെ ലഭിച്ച അപേക്ഷയിൽ ഇനിയും ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുള്ളവ എത്രയെന്ന് അറിയിക്കാമോ? | (ഇ) | **ആനുകൂല്യം ആവശ്യപ്പെട്ട് 2021 മുതൽ നാളിതുവരെ സമർപ്പിച്ച അപേക്ഷകളിൽ അപാകതകൾ ഇല്ലാത്തവ യഥാസമയം പാസ്സാക്കി തുക വിതരണം ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ